**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1532** **19-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഫോറം നമ്പർ 5-ൽ നൽകിയ അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാൻ ബാക്കിയുണ്ട് എന്ന വിവരം ലഭ്യമാക്കുമോ; ഏതെല്ലാം ഓഫീസുകളിലാണ് കുടിശികയായി നിൽക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഫോറം നമ്പർ 5-ൽ 2084 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. കോർപ്പറേഷന്റെ പരിധിയിലുള്ള വില്ലേജ് ആഫീസുകളിലും കൃഷി ആഫീസുകളിലും ആർ ഡി ഒ ആഫീസുകളിലുമായാണ് കുടിശ്ശികയുള്ളത്. |
| (ബി) | വില്ലേജ് ഓഫീസ്, കൃഷി ഓഫീസ് എന്നിവിടങ്ങളിൽ ഇത്തരം അപേക്ഷ തീർപ്പുകൽപ്പിക്കുന്നതിന് എന്തെങ്കിലും സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ആർ.ഡി.ഒ. ഓഫീസിൽ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഭൂമി തരം മാറ്റുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നല്കുന്ന അപേക്ഷകൾ റിപ്പോർട്ടിനായി, അതത് സംഗതി പോലെ, കൃഷി ഓഫീസർക്കോ വില്ലേജ് ഓഫീസർക്കോ അയച്ചുകൊടുക്കേണ്ടതും കൃഷി ഓഫീസർ/വില്ലേജ് ഓഫീസർ ഒരു മാസത്തിനകം അതിന്മേലുള്ള റിപ്പോർട്ട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണെന്ന് ചട്ടം 4 (ഇ)-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. റവന്യൂ ഡിവിഷണൽ ആഫീസർ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ നിർണ്ണയിക്കപ്പെട്ടാവുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് 3 മാസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണെന്ന് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 5 (4)(i)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. |
| (സി) | ഫോറം നമ്പർ 5-ലെ അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകൾ നടത്തുന്നതിനോ അധിക ജീവനക്കാരെ വിന്യസിക്കുന്നതിനോ നടപടി സ്വീകരിക്കുമോ? | (സി) | ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യാപകമായി റവന്യൂ ഡിവിഷൻ തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ചിരുന്നു. എന്നാൽ ഫോറം നമ്പർ 5 -ൽ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് മാത്രമായി പ്രത്യേക അദാലത്തുകൾ നടത്തുവാൻ നിലവിൽ തീരുമാനമെടുത്തിട്ടില്ലാത്തതാണ്. ഫോറം 6,7 അപേക്ഷകളിൻമേലുള്ള അദാലത്ത് നടത്തിവരുന്ന വേളയിൽ വിഷയത്തിൽ അവഗാഹമുള്ള അതേ |

| | | | |
|---|---|---|---|
| | | | ജില്ലയിലെ റവന്യൂ ജീവനക്കാരെ താൽക്കാലികമായി ഈ ആവശ്യത്തിലേക്കായി വിന്യസിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ